**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1235** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക കടാശ്വാസ കമ്മീഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം ഇളവുകൾ നൽകുന്നതിനായി ബാങ്കുകൾക്ക് എത്ര തുകയാണ് നൽകാനുള്ളതെന്ന വ്യക്തമാക്കാമോ;

**<u>മറുപടി:</u> കേരള കർഷക കടാശ്വാസ കമ്മീഷൻ നാളിതുവരെ ശിപാർശ ചെയ്ത കടാശ്വാസ തുകയിൽ ഇനി 326.74 കോടി രൂപ അനുവദിക്കുവാനുണ്ട്.**

**(ബി)** കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും ലഭിച്ചതിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ എത്രയാണ്; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** കാർഷിക കടാശ്വാസത്തിനായി കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകളിൽ 24127 അപേക്ഷകൾ തീർപ്പാക്കാനായി **കാർഷിക കടാശ്വാസ** കമ്മീഷനിൽ ബാക്കി നിൽക്കുന്നുണ്ട്.

**(സി)** കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**